കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഞീഴൂർ ഗ്രാമപഞ്ചായത്ത് - SGRY- SCP പദ്ധതി - ഹോൾസെയിൽ ഡീലർക്ക് ഹാൻഡിലിംഗ് ചാർജ്ജ് അനുവദിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==============================================================

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ).684/15/തസ്വഭവ തിരുവനന്തപുരം, തീയ്തി, 10.03.2015

==============================================================

പരാമർശം: 1. ഗ്രാമവികസന കമ്മീഷണറുടെ 23.12.2014 ലെ 24505/ജെആർവൈ.2/2014/സിആർഡി നമ്പർ കത്ത്.

2. 30.11.2001 ലെ 297/2001/തസ്വഭവ നമ്പർ ഉത്തരവ്.

**ഉത്തരവ്**

ഞീഴൂർ ഗ്രാമപഞ്ചായത്തിലെ SGRY- SCP പദ്ധതി പ്രകാരം ഭക്ഷ്യധാന്യം വിതരണം ചെയ്ത വകയിൽ ഹോൾസെയിൽ ഡീലർക്ക് നൽകുവാനുള്ള തുക ബഹുമാനപ്പെട്ട ഓംബുഡ്സ്മാന്റെ ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നും നൽകുവാൻ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനിച്ച സാഹചര്യത്തിലും ടിയാൾക്ക് തുക നൽകുവാൻ ബഹുമാനപ്പെട്ട ഓംബുഡ്സ്മാൻ ഉത്തരവായിട്ടുള്ള സാഹചര്യത്തിലും പരാമർശം(2)പ്രകാരമുള്ള സർക്കാർ ഉത്തരവിൽ SGRY ഭക്ഷ്യധാന്യത്തിന്റെ കടത്തുകൂലി, കയറ്റിറക്ക് കൂലി, മറ്റ് അനുബന്ധ ചെലവുകൾ എന്നിവ ഉൾപ്പെടെ റേഷൻ വ്യാപാരികൾക്കുള്ള മാർജിൻ, പദ്ധതി നടപ്പിലാക്കുന്ന ചില പഞ്ചായത്തുകൾ "ഒഴിച്ചുകൂടാനാകാത്ത ഇനം" ആയി കണക്കാക്കി പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തുകൾ അവരുടെ പദ്ധതി വിഹിതത്തിൽ നിന്ന് വഹിക്കേണ്ടതാണെന്ന് പറഞ്ഞിട്ടുള്ള സാഹചര്യത്തിലും ടി തുക ഹോൾസെയിലർ ഡീലർക്ക് അനുവദിക്കാവുന്നതാണെന്നും പരാമർശം(1)പ്രകാരം ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തിരുന്നു.

സർക്കാര്യം ഇക്കാര്യം വിശദമായി പരിശോധിച്ചു. ഞീഴൂർ ഗ്രാമപഞ്ചായത്തിലെ SGRY- SCP പദ്ധതി പ്രകാരം ഭക്ഷ്യധാന്യം വിതരണം ചെയ്ത വകയിൽ ഹോൾസെയിൽ ഡീലർക്ക് നൽകുവാനുള്ള തുക അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
രാമൻകുട്ടി സി.
ഡെപ്യൂട്ടി സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. സെക്രട്ടറി/പ്രസിഡന്റ്, ഞീഴൂർ ഗ്രാമപഞ്ചായത്ത്, കോട്ടയം-686 612
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ